പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2598 **28-10-2026-ൽ മറുപടിയ്ക്ക്**

ഏകജാലക രജിസ്ട്രി സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വി. മുരളീധരൻ
ശ്രീ. രാജീവ് ചന്ദ്രശേഖർ
ശ്രീ. ബി. ബി. ഗോപകുമാർ

മറുപടി നൽകിയ മന്ത്രി

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

(എ) കേരള അക്കാദമി ഓഫ് സെൽഫ് എംപ്ലോയ്മെന്റിന്റെ നേതൃത്വത്തിൽ നടത്തിയ പഠനമനുസരിച്ച് ഐടിഐ, പോളിടെക്നിക് പഠനം കഴിഞ്ഞ് പുറത്തിറങ്ങുന്ന അറുപത് ശതമാനത്തിലധികം വിദ്യാർഥികൾക്കും തൊഴിൽ മേഖല ആവശ്യപ്പെടുന്ന നിപുണത ഇല്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പഠന റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ബി) മാറിവരുന്ന തൊഴിൽ മേഖലയ്ക്ക് അനുസരിച്ച് ഐ.റ്റി.ഐ. -കളിലെയും പോളിടെക്നിക്കുകളിലെയും കോഴ്സുകൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ; പരമ്പരാഗതമായ കോഴ്സുകൾ പഠിക്കുന്ന കുട്ടികൾക്ക് തൊഴിൽ ലഭിക്കാതിരിക്കുന്ന സാഹചര്യത്തിൽ നവീനമായ തൊഴിൽമേഖലയിൽ സാധ്യത കൂടിയ പുതിയ കോഴ്സുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച നടപടികൾ വ്യക്തമാക്കാമോ;

മറുപടി: ഐടിഐകളിലെ പാഠ്യപദ്ധതി, സിലബസ് എന്നിവ തയ്യാറാക്കുന്നത് കേന്ദ്രനൈപുണ്യവും, സംരംഭകത്വവും മന്ത്രാലയത്തിന്റെ പരിധിയിൽ വരുന്ന ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് (ഡിജിറ്റി) ആണ്. ഐടിഐ സിലബസ് പരിഷ്കരിയ്ക്കുന്നത് സംസ്ഥാന സർക്കാരിന്റെ പരിധിയിൽ വരുന്ന വിഷയം അല്ല. സംസ്ഥാനത്തെ സർക്കാർ ഐടിഐകളിൽ ഘട്ടം ഘട്ടമായി പുതിയ കോഴ്സുകൾ (ന്യൂ ഏജ് കോഴ്സ്) ആരംഭിയ്ക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിനായി വ്യാവസായിക പരിശീലന വകുപ്പും, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസും (KASE) സംയുക്തമായി പഠനം ആരംഭിച്ചിട്ടുണ്ട്.

(സി) കേരളത്തിൽ അസാപ്പ്, ഡി.ഡി.യു.-ജി.കെ.വൈ., കെ-ഡിസ്ക് തുടങ്ങിയവ വഴി തൊഴിൽ പരിശീലനം നേടിയ യുവജനങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ഏകജാലക രജിസ്ട്രി സംവിധാനം സർക്കാരിൽ ലഭ്യമല്ല എന്നുള്ള അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടില്ല

സെക്ഷൻ ഓഫീസർ